# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3373 — 19/10/2016-ൽ മറുപടിയ്ക്ക്

## കണ്ടൽക്കാടുകളുടെ സംരക്ഷണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, എ. എൻ. ഷംസീർ<br>,, എസ്. ശർമ്മ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന വരെയും സംരക്ഷിക്കുന്നവരെയും പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കുമെന്ന് വ്യക്തമാക്കാമോ? | കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നവരെയും സംരക്ഷിക്കുന്നവരെയും പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥലഉടമകൾക്ക് പ്രോൽസാഹനമായി ഏക്കറിന് 4000/- രൂപ എന്നതോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കുന്നതിന് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ്വ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കണ്ടൽ വനങ്ങൾ പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റായും 1961- ലെ കേരള വന സംരക്ഷണ നിയമപ്രകാരം പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ